# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2367** **23.01.2014-ൽ മറുപടിക്ക്**

**ചെക്ക്പോസ്റ്റുകളുടെ നവീകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ..വി.ചെന്താമരാക്ഷൻ,എം.എൽ.എ<br>ശ്രീ. ബി.ഡി.ദേവസ്സി, എം.എൽ.എ<br>ശ്രീ. വി.ശിവൻകുട്ടി, എം.എൽ.എ<br>ശ്രീ. സാജു പോൾ, എം.എൽ.എ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു ;വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വാഹന പരിശോധനയിലെ കാലതാമസം, ഗതാഗതക്കുരുക്ക് എന്നിവ ഒഴിവാക്കുകയും പരിശോധന കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി അമരവിളയിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. അമരവിളയിൽ പ്രത്യേക ഔട്ട് ചെക്ക്പോസ്റ്റ് സ്ഥാപിച്ചു. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് വാളയാറിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുത്തങ്ങ, ബംഗ്ര-മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br>ഓൺലൈൻ സംവിധാനം പ്രധാനപ്പെട്ട 34 ബി ക്ലാസ്സ് ചെക്ക്പോസ്റ്റുകളിലേക്ക് വ്യാപിപ്പിച്ചു. മറ്റു ചെക്ക്പോസ്റ്റുകൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ആധുനിക സാങ്കേതിക വിദ്യയു |

| | | | |
|---|---|---|---|
| | | | ടെ സഹായത്തോടെ അതിർത്തി ചെക്ക് പോസ്റ്റിലൂടെ സംസ്ഥാനത്തിനകത്തേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം TIN / PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ alert message SMS ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തി. സംയോജിത ഡാറ്റാ മാനേജ്മെന്റ് സിസ്റ്റവും ഇ-ഡിക്ലറേഷൻ സംവിധാനവും നടപ്പിലാക്കി. അമരവിളയിൽ നടപ്പിലാക്കിയതുപോലെ സി.സി.റ്റി.വി സംവിധാനം മറ്റു പ്രധാന ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. |
| (ബി) | പ്രസ്തുത നടപടിമൂലം ചെക്ക് പോസ്റ്റുകൾ വഴിയുള്ള നികുതി വെട്ടിപ്പ് എത്രത്തോളം തടയാൻ കഴിഞ്ഞു ; | (ബി) & (സി) | ചെക്ക്പോസ്റ്റുകൾ വഴിയുള്ള നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയാൻ കഴിഞ്ഞു. ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനം 31.12.2012 വരെ 728.56 കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷം 31.12.2013 വരെ 751.4 കോടിയായി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ നികുതി പിരിവ് ഉയരാത്തതിനുള്ള പ്രധാന കാരണം ചെക്ക് പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് നടക്കുന്നതാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | ഹോളോബ്രിക്സ്, കമ്പി, സിമന്റ് എന്നിവയുടെ ചെക്ക്പോസ്റ്റുകളിൽ കൂടിയുള്ള അനധികൃത കടത്തും നികുതി വെട്ടിപ്പും തടയുന്നതിന് എന്തുനടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | ( ഡി) | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംയോജിത ഡാറ്റാ മാനേജ്മെന്റ് സിസ്റ്റവും ഇ-ഡിക്ലറേഷൻ സംവിധാനവും നടപ്പിലാക്കിയതിലൂടെ ഹോളോബ്രിക്സ്, കമ്പി, സിമന്റ് എന്നിവയുടെ ചെക്ക്പോസ്റ്റുകളിൽ കൂടിയുള്ള അനധികൃത കടത്തും നികുതി വെട്ടിപ്പും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട് |
| (ഇ) | അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്ന കോഴിയുടെയും കോഴിയിറച്ചിയുടെയും മേലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന കോഴിയ്ക്കും കോഴിയിറച്ചിക്കും ചെക്ക്പോസ്റ്റുകളിൽ മുൻകൂർ നികുതി അടക്കേണ്ടതാണ്. ഇതിനായി നിശ്ചയിച്ചിട്ടുള്ള തറവില, മാർക്കറ്റിൽ വിലവർദ്ധനവ് കണ്ടതിനെ |

| | | | |
|---|---|---|---|
| | | | തുടർന്ന് 65 രൂപയിൽ നിന്നും 23-08-13ൽ 95 രൂപയായി ഉയർത്തുകയുണ്ടായി. അതിർത്തി പ്രദേശങ്ങളിൽ ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനവും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്. 24 മണിക്കൂറും മാറിമാറി ഇത്തരം സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ അതിർത്തി ജില്ലകളിൽ പുറത്ത് ജില്ലകളിൽ നിന്നുമുള്ള സ്ക്വാഡുകളെയും മാറിമാറി വിന്യസിക്കാറുണ്ട്. അതിർത്തി ജില്ലകളിൽ സ്ഥിതി ചെയ്യുന്ന ഫാമുകളുടെ പ്രവർത്തനവും കള്ളക്കടത്ത് തടയുന്നതിന്റെ ഭാഗമായി നിരീക്ഷിച്ചുവരുന്നു. വലിയ കോഴി ഫാമുകളിൽ നിശ്ചിത കാലയളവിനുള്ളിൽ പരിശോധനകൾ നടത്തുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാൻസിറ്റ് പാസ്സ് പ്രകാരം മാഹിയിലേയ്ക്ക് പോകുന്ന ലോഡുകൾ അവിടത്തെ കേരളത്തിന്റെ ചെക്ക് പോസ്റ്റിൽ റിപ്പോർട്ട് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാനും, ട്രാൻസിറ്റ് പാസ്സ് സറണ്ടർ ചെയ്യുവാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ